# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3384 — 14.10.2011-ൽ മറുപടിക്ക്.

### ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിന് 'കില' എന്തെല്ലാം കർമ്മ പദ്ധതി കളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | എ) കിലയുടെ ആഭിമുഖ്യത്തിൽ ഗ്രാമസഭാംഗങ്ങൾക്ക് നൽകുന്ന പരിശീലന പരിപാടി 2011 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുകയും ഗ്രാമസഭാ ശാക്തീകരണം, ഗ്രാമസഭക്ക് അധിക അധികാരങ്ങൾ നൽകുക എന്നിവയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായം സ്വീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നതാണ്. |
| ബി) ഗ്രാമസഭകളിൽ എം.എൽ.എ. മാരുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി എടു ക്കുമോ; | ബി) ഗ്രാമസഭയും അധികാര വികേന്ദ്രീകരണവും ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. മാരുമായി കൂടിയാലോചന നടത്തുവാനുള്ള ഒരു പരിപാടിക്ക് 'കില' രൂപം നൽകുന്നതാണ്. |

| | |
|---|---|
| സി) ഗ്രാമസഭയുടെ അധികാരങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ? | സി) ഗ്രാമസഭകളുടെ അധികാരാവകാശങ്ങളെ സംബന്ധിച്ച് ജനങ്ങളെ കൂടുതൽ ബോധവാന്മാരാക്കുന്നതിനും ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി ഗ്രാമസഭാ സംഘാടനം, നടത്തിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനുമായി വിവിധ നടപടികൾ സ്വീകരിക്കുന്നതാണ്. കിലയുടെ ആഭിമുഖ്യത്തിൽ ഗ്രാമസഭാംഗങ്ങൾക്കുള്ള പരിശീലന പരിപാടി 2011 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുന്നതും ഇതിന്റെ ഭാഗമായി ഗ്രാമസഭ ശാക്തീകരിക്കുന്നതുമായി ബന്ധപ്പെട്ടതും ഗ്രാമസഭയ്ക്ക് അധിക അധികാരങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ടതുമായ അഭിപ്രായങ്ങൾ പൊതുജനങ്ങളിൽ നിന്ന് സ്വീകരിക്കുകയും തുടർ പ്രവർത്ത നങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.